LIBRARY ARCHIVES Kerala Legislative Assembly

കായിക താരങ്ങൾക്കുള്ള ഗ്രെയ്സ് മാർക്ക്

39(†1091) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കായിക പരിശീലനത്തിൽ ഏർപ്പെടുന്ന കുട്ടികൾക്ക് എൻ. സി. സി., എൻ. എസ്. എസ്. എന്നിവയിൽ ചേരുന്ന കുട്ടികൾക്ക് നൽകുന്ന പോലെ ഗ്രെയ്സ് മാർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) കായിക താരങ്ങൾക്ക് സബ് ജില്ലാ റവന്യൂ സോൺ മത്സരങ്ങൾക്ക് ശേഷം സംസ്ഥാന സ്കൂൾ ഗെയിംസിൽ പങ്കെടുത്തതിനു ശേഷമേ ഗ്രെയ്സ് മാർക്കിന് അർഹത ലഭിക്കുന്നുള്ളൂ എന്ന അവസ്ഥ മാറ്റുന്നതിന് പരിശീലനത്തിൽ പങ്കെടുക്കുന്ന മറ്റു കായികതാരങ്ങൾക്കും മത്സരത്തിൽ പങ്കെടുത്ത് മെഡൽ ലഭിക്കാത്തവർക്കും കൂടി ഗ്രെയ്സ് മാർക്ക് നൽകുന്ന കാര്യം ആലോചിക്കുമോ;

(സി) റവന്യൂ ജില്ലാ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് കൂടി ഗ്രെയ്സ് മാർക്കും ക്യാഷ് അവാർഡും നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സബ് ജില്ലാ കായിക മത്സരങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ചെലവ് വഹിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) നിലവിൽ സംസ്ഥാന മത്സരങ്ങളിൽ പങ്കെടുക്കുന്ന 1 മുതൽ 6 വരെ സ്ഥാനക്കാരായ ഗെയിംസ് വിഭാഗത്തിലെ കുട്ടികൾക്കും അത്‌ലറ്റിക്സ്, അക്വാട്ടിക്സ് എന്നീ വിഭാഗത്തിന് 1 മുതൽ 8 വരെ സ്ഥാനക്കാർക്കും ഗ്രേസ് മാർക്ക് നൽകിവരുന്നു. കൂടാതെ ദേശീയ മത്സരത്തിൽ പങ്കെടുത്ത് വിജയിക്കുന്ന 1, 2, 3 സ്ഥാനക്കാർക്കും പങ്കെടുക്കുന്ന കുട്ടികൾക്കും ഗ്രേസ് മാർക്ക് നൽകുന്നു. കൂടുതൽ വിഭാഗങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകുന്നത് നിലവിൽ പരിഗണനയിലില്ല.

(സി&ഡി) നിലവിൽ പരിഗണനയിലില്ല.

എച്ച്.എസ്.എസ്.റ്റി. നിയമനം

40(1092) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.റ്റി. ഫിസിക്സ്, കെമിസ്ട്രി വിഭാഗങ്ങളിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും ജൂനിയർ-സീനിയർ തലങ്ങളിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

†. മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.